LIBRARY ARCHIVES Kerala Legislative Assembly

നടത്തിവരുന്നു. പൊതുമാർക്കറ്റിൽ വിലവിവര പട്ടിക പ്രദർശിപ്പിക്കാത്തതും അമിതവില ഈടാക്കുന്നതുമായ വ്യാപാരികൾക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു. ഓരോ ജില്ലയിലും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, സപ്ലൈകോ, ഹോർട്ടികോർപ്പ്, ഹോൾസെയിൽ ഡീലർമാർ എന്നിവരെ ഉൾപ്പെടുത്തി ജില്ലാ സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിൽ സപ്ലൈ ചെയിൻ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

## കോവിഡ്-19 മഹാമാരികാലത്തെ ഭക്ഷ്യവസ്തുക്കളുടെ പൂഴ്ത്തിവയ്പ്

100 (111) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 മഹാമാരി കാലത്ത് ഭക്ഷ്യവസ്തുക്കൾ പൂഴ്ത്തിവക്കുന്നത് സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം പ്രവൃത്തികൾ തടയുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കോവിഡ്-19 മഹാമാരികാലത്ത് ഇടുക്കി ജില്ലയിൽനിന്നും ഭക്ഷ്യവസ്തുക്കൾ പൂഴ്ത്തിവയ്ക്കുന്നത് സംബന്ധിച്ച പരാതി ലഭിച്ചിരുന്നു. തുടർന്ന് നടത്തിയ പരിശോധനയിൽ പൂഴ്ത്തിവയ്പ്, അമിത വില ഈടാക്കൽ എന്നിവ നടത്തിയ വ്യാപാരികൾക്കെതിരെ ശിക്ഷാ നടപടികളെടുത്തിട്ടുണ്ട്.

(ബി) കോവിഡ്-19 കാലത്ത് ഭക്ഷ്യവസ്തുക്കളുടെയും അവശ്യ സാധനങ്ങളുടെയും വില വർദ്ധനവ് തടയുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

കോവിഡ്-19 കാലത്ത് ഭക്ഷ്യവസ്തുക്കളുടെയും അവശ്യ സാധനങ്ങളുടെയും വില വർദ്ധനവ് തടയുന്നതിനായി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിൽ സംയുക്ത സ്ക്വാഡുകൾ സംസ്ഥാനത്തുടനീളം പരിശോധനകൾ നടത്തിവരുന്നു. പൊതു വിപണിയിൽ വില നിലവാരം പ്രദർശിപ്പിക്കാത്തതും അമിത വില ഈടാക്കിയതുമായ കേസുകളിൽ ബന്ധപ്പെട്ട വ്യാപാരികൾക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ലോക്ഡൗൺ നിലവിൽ വന്നതോടുകൂടി മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഭക്ഷ്യ വസ്തുക്കൾ എത്തിക്കുന്നതിനാവശ്യമായ എല്ലാ സൗകര്യങ്ങളും ജില്ലാ കളക്ടറുടെ സഹായത്തോടെ ഒരുക്കുന്നുണ്ട്. പൊതു വിപണിയിലെ അവശ്യ സാധനങ്ങളുടെ സ്റ്റോക്ക് വിവരം എല്ലാ ദിവസവും ശേഖരിച്ച് പോർട്ടലിൽ അപ്ഡേറ്റ് ചെയ്യുന്നുണ്ട്. കൂടാതെ ഭക്ഷ്യ കിറ്റുകളുടെ വിതരണം ഭംഗിയായി നടക്കുന്നതിനാൽ അരി, പലവ്യഞ്ജനം എന്നിവയുടെ വില പൊതു വിപണിയിൽ നിയന്ത്രിക്കാനും കഴിഞ്ഞിട്ടുണ്ട്.

(സി) കോവിഡ്-19 കാലത്ത് ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനും ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിനുമായി കേന്ദ്രസർക്കാർ ധനസഹായവും ഭക്ഷ്യവസ്തുക്കളും കേരളത്തിന് ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കോവിഡ്-19 കാലത്ത് ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനും ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിനുമായി കേന്ദ്ര സർക്കാർ ധനസഹായമൊന്നും ലഭ്യമാക്കിയിട്ടില്ല. എന്നാൽ സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ള ഭക്ഷ്യധാന്യ വിഹിതത്തിന് പുറമേ പ്രധാനമന്ത്രി ഗരീബ് കല്യാൺ യോജന പദ്ധതി പ്രകാരം 2020 ഏപ്രിൽ മുതൽ നവംബർ വരെ സംസ്ഥാനത്തെ മുൻഗണനാ വിഭാഗം കാർഡുടമകളുടെ കുടുംബത്തിലെ ഓരോ അംഗത്തിനും 5 Kg ഭക്ഷ്യധാന്യം വീതവും, ഓരോ കുടുംബത്തിനും 1 Kg കടല അല്ലെങ്കിൽ പയർ എന്നിവയും കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ 2021 മേയ്, ജൂൺ മാസങ്ങളിലേയ്ക്ക് ടി സ്കീമിൽ മുൻഗണനാ വിഭാഗത്തിലെ ഓരോ അംഗത്തിനും 5 Kg ഭക്ഷ്യധാന്യം വീതം അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം അരിയും ഗോതമ്പും ഉൾപ്പെടെ 7.48 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യവും 29524.489 മെട്രിക് ടൺ പയർ അല്ലെങ്കിൽ കടലയും ലഭ്യമായിട്ടുണ്ട്. കൂടാതെ ആത്മനിർഭർ ഭാരത് പദ്ധതി പ്രകാരം അതിഥി തൊഴിലാളികൾക്ക് നൽകുന്നതിനായി 2020 മേയ്, ജൂൺ മാസങ്ങളിലേയ്ക്ക് 15480.012 മെട്രിക് ടൺ അരിയും 745.058 മെട്രിക് ടൺ പയർവർഗ്ഗങ്ങളും (പയർ/കടല) അനുവദിച്ചിട്ടുണ്ട്.

## സൗജന്യ കിറ്റ് വിതരണം

101 (112) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ ആരംഭിച്ച സൗജന്യ കിറ്റ് വിതരണം തുടരുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് മാസം വരെയാണ് അത് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കോവിഡ് പശ്ചാത്തലത്തിൽ ആരംഭിച്ച സൗജന്യ കിറ്റ് വിതരണം 2021 മേയ്, ജൂൺ മാസങ്ങളിൽ കൂടി തുടരാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) സൗജന്യ കിറ്റ് നൽകുന്നതിന് ആവശ്യമായ തുക ഏത് രീതിയിലാണ് കണ്ടെത്തുന്നതെന്ന് വിശദമാക്കുമോ?

നാളിതുവരെ സൗജന്യ കിറ്റ് വിതരണത്തിന് ആവശ്യമായ തുക ഭക്ഷ്യ വകുപ്പിന്റെ ബഡ്ജറ്റ് ശീർഷകങ്ങളിൽനിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമാണ് കണ്ടെത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly